C 81919

(Pages : 2)

Name.................................

Reg. No.............................. 40

# FOURTH SEMESTER B.A. DEGREE EXAMINATION, APRIL/MAY 2015

(U.G.–CCSS)

Core Course—Malayalam

## MA 4B 05—മലയാള കവിത—പൂർവ്വഘട്ടം

(2011 Admission onwards)

Time : Three Hours

Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) ¼ :

(A) ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 കണ്ടുകിട്ടയിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കംചെന്ന മലയാള കാവ്യം ഏത് ?

2 മണിപ്രവാളത്തിൻെറ ലക്ഷണം പറഞ്ഞിരിക്കുന്നത് ഏത് കൃതിയിലാണ് ?

3 രാമലക്ഷ്മണന്മാരെ സുഗ്രീവസന്നിധിയിൽ എത്തിച്ചതാര് ?

4 ആരാണ് സത്രാജിത്തിന് സ്യമന്തകമണി നല്കിയത് ?

(B) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക :

5 താഴെ പറയുന്നവയിൽ കീർത്തന സാഹിത്യത്തിൽപ്പെടുന്ന കൃതിയേത് ?

(രാമചരിതം, രാമായണം ചമ്പു, ജ്ഞാനപ്പാന, സ്യമന്തകം.)

6 കണ്ണശ്ശരാമായണത്തിൻെറ കർത്താവാര് ?

(മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ, നാരായണപ്പണിക്കർ, രാമപ്പണിക്കർ.)

7 ദൈവമാതാവിൻെറ വ്യാകുല പ്രലാപം ഏതു കാവ്യരൂപത്തിൽപ്പെടുന്നു ?

(പാന, ചമ്പു, ഗാഥ, കിളിപ്പാട്.)

8 ശകുന്തളയുടെ പിതാവാര് ?

(കണ്വൻ, വസിഷ്ഠൻ, വിശ്വാമിത്രൻ, ദുർവ്വാസാവ്.)

(C) പൂരിപ്പിക്കുക :

9 പദ്യഗദ്യമയമായ കാവ്യരൂപമാണ് ————.

10 ———— ആണ് ഹുസ്നുൽ ജമാലിൻെറ കാമുകൻ.

11 കേരളത്തിൻെറ ശാകുന്തളം എന്ന് ———— കൃതിയെ വിശേഷിപ്പിക്കുന്നു.

12 കർമ്മങ്ങൾക്കു വിളഭൂമിയാകിയ ദേശം ———— ആണ്.

(12 × ¼ = 3 weightage)

Turn over

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 1 :

13 "തുതിത്തു പിന്നെ നാലു വഴിയും തൊഴുതു ചൊന്നാൻ"—ആര്, ആരോട് ? എന്താണു തൊഴു ചൊല്ലിയത് ?

14 "പവനനവനെ ചെൻറുകൊൻറാൻ തദാനീം"—ആരെ ? എപ്പോൾ ?

15 ഭർതൃഭാവമറിഞ്ഞ ലക്ഷ്മീഭഗവതി എന്തുചെയ്തു ?

16 ബദറുൽ മുനീറിൻെറ സംസാരം എങ്ങനെയുള്ളതാണെന്നാണ് പാട്ടിൽ പറഞ്ഞിരിക്കുന്നത് ?

17 എന്തിനാണ് ഉണ്ണിയാർച്ച അല്ലിമലർക്കാവിലേക്കു പോയത് ?

18 ജ്ഞാനപ്പാനയിൽ പറയുന്ന മൂന്നു കർമ്മങ്ങൾ ഏതെല്ലാം ?

19 ഋഷ്യമൂകാചലത്തിൽ ബാലി പ്രവേശിക്കാത്തതിനു കാരണമെന്ത് ?

20 "കൈത്തലം കൊണ്ടു തമ്മാറത്തു നന്നായി
സ്വസ്തികാബന്ധം തുടങ്ങിനാരേ"
—എപ്പോൾ ? എന്തിന് ?

21 "ഭൂമിയിലുള്ള ജനങ്ങൾക്കിമ്മണി
കാണാൻപോലും പണിയാകുന്നു"
—ഏതു മണിയെക്കുറിച്ചാണു പറയുന്നത് ? അതിൻെറ വിശേഷമെന്ത് ?

(9 × 1 = 9 weighta

III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. മൂല്യം (വെയിറ്റേജ് 2 വീതം :

22 കഥയ്ക്കിടയിൽ കുഞ്ചൻനമ്പ്യാർ സാമൂഹ്യവിമർശനം സാധിക്കുന്നതെങ്ങനെ ?

23 ഹേമന്ത കാലത്തിൻെറ വരവിനെ ചെറുശ്ശേരി വർണ്ണിക്കുന്നതെങ്ങനെ ?

24 ഉണ്ണുനീലിയിൽനിന്നും വേർപെട്ട് നായകൻ തിരുവനന്തപുരത്ത് എത്തിപ്പെട്ടത് എങ്ങനെ ?

25 ചമ്പൂകാവ്യത്തിലെ ഗദ്യത്തിൻെറ പ്രത്യേകതകൾ എന്തെല്ലാം ?

26 സമുദ്ര ലംഘനത്തിനായുള്ള ഹനുമാൻെറ ഒരുക്കം കണ്ണശ്ശരാമായണത്തിൽ എപ്രകാ വർണ്ണിച്ചിരിക്കുന്നു ?

27 ബാലി-സുഗ്രീവ യുദ്ധം എഴുത്തച്ഛൻ വർണ്ണിച്ചിരിക്കുന്നതിലെ ഭംഗി എടുത്തു കാട്ടുക.

28 നളചരിതത്തിലെ നാടകീയത പാഠ്യഭാഗം മുൻനിർത്തി വെളിവാക്കുക.

(5 × 2 = 10 weighta

IV. ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. വെയിറ്റേജ് 4 വീതം :

29 പൂന്താനത്തിൻെറയും എഴുത്തച്ഛൻെറയും കൃതികളിലെ ജീവിത തത്വചിന്ത താരതമ്യം ചെയ വിലയിരുത്തുക.

30 മലയാള കാവ്യഭാഷയുടെ പരിണാമം രാമചരിതം, കണ്ണശ്ശരാമായണം, കൃഷ്ണഗാഥ എന്നീ കൃതിക മുൻനിർത്തി പരിശോധിക്കുക.

31 "കൃഷ്ണ-കുചേല സംഗമത്തിലൂടെ ഭക്തിയുടെയും സൗഹൃദത്തിൻെറയും സമന്വയം കാണ തരികയാണ് രാമപുരത്തുവാര്യർ"—വിവരിക്കുക.

(2 × 4 = 8 weighta